<u>**15 -ാം കേരള നിയമസഭ**</u>

<u>**14 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 612**</u> <u>**17-09-2025 - ൽ മറുപടിയ്ക്ക്**</u>

<u>**ടെക്സ്റ്റൈൽ മേഖലയുടെ പ്രവർത്തനം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ എം നൗഷാദ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമേഖലാ വ്യവസായ സംരംഭങ്ങൾക്ക് ഗുണകരമല്ലാത്ത കേന്ദ്ര നിലപാടുകൾക്ക് ബദലായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ സംസ്ഥാനത്തെ പൊതുമേഖലയ്ക്ക് ഗുണകരമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിച്ചു കൊണ്ട് പ്രവർത്തനക്ഷമത, സുതാര്യത, മാനവ വിഭവശേഷിയുടെ വികസനം, സുസ്ഥിരത എന്നിവ വർദ്ധിപ്പിച്ച് കൂടുതൽ മത്സരക്ഷമത ഉറപ്പുവരുത്തി പൊതുമേഖലയെ ശക്തിപ്പെടുത്തി വരുന്നു.<br><br>ശാസ്ത്ര സാങ്കേതിക മേഖലകളിലെയും വിപണന രംഗത്തെയും മാറ്റങ്ങളെ ഉൾകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പുരോഗതിയ്ക്ക് ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കി വരുന്നു.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 275.10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കെൽട്രോൺ, കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ്, മലബാർ സിമന്റ്സ് എന്നീ സ്ഥാപനങ്ങൾ പുതിയ സംരംഭങ്ങളിൽ ഏർപ്പെട്ടു. സ്ഥാപനങ്ങളെ മത്സരക്ഷമമാക്കുന്നതിൽ വിജയിക്കുകയും മുപ്പതോളം ഉല്പന്നങ്ങൾ വിപണന സജ്ജമാക്കുകയും ചെയ്തു. KSIDC, KINFRA ഉൾപ്പെടെ 24 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണ്. ഇതിൽ 22 സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 5119.18 കോടി രൂപയും മൊത്തം പ്രവർത്തനലാഭം 65.56 കോടി രൂപയുമാണ്.<br><br>സ്ഥാപനത്തിന്റെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പദ്ധതികളാണ് സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നത്. |

എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലും ബിസിനസ്സ് പ്ലാനും MoUഉം തയ്യാറാക്കിയത് സ്ഥാപനങ്ങളുടെ നവീകരണ പദ്ധതികൾക്കും ഉല്പന്നങ്ങളുടെ വിപണനത്തിനും ഗുണകരമായിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ മത്സരക്ഷമമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 8 സ്ഥാപനങ്ങളിൽ വിദഗ്ധരുടെ സഹായത്തോടെ ഒരു Turn around Strategy സാധ്യതാ പഠനം നടന്നു വരുന്നു.

വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി BPT യുടെ നേതൃത്വത്തിൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ "kshoppe.in" എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിച്ച് പ്രവർത്തന പുരോഗതി കൈവരിച്ച് വരുന്നു.

അത്യാവശ്യമുള്ള സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 42.50 കോടി രൂപ പ്രത്യേകം 2025-26 ബഡ്ജറ്റിൽ വകയിരുത്തി നൽകിവരുന്നു. Safety Audit / Energy Audit ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുറഞ്ഞ ചെലവിൽ മലിനീകരണ തോത് കുറയ്ക്കുന്നതിനും പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി ജീവനക്കാരുടെ പ്രവർത്തനം വിലയിരുത്തി പുതിയ HR നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും പ്രവർത്തനങ്ങളിലും സുതാര്യത ഉറപ്പാക്കി വരുന്നു.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെയും വിപുലീകരിക്കുന്നതിന്റെയും ഭാഗമായി കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങൾക്ക് തുടർച്ചയായി ബിസിനസ്/ ഓർഡറുകൾ നേടിയെടുക്കുന്നതിനായി സംഘടിപ്പിച്ച B2B meet-ന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി കൂടുതൽ ഓർഡറുകൾ ലഭ്യമായി തുടങ്ങിയിട്ടുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മത്സരക്ഷമമാക്കുക എന്ന സർക്കാരിന്റെ ബദൽ വികസന നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും, സംയുക്ത സംരംഭമായ ഭെൽ-ഇ.എം.എൽ-ഉം ഏറ്റെടുത്ത് സംസ്ഥാന സർക്കാരിന്റെ

| | | | |
|---|---|---|---|
| | | | അധീനതയിലുള്ള പൊതു മേഖലാസ്ഥാപനങ്ങളാക്കി യഥാക്രമം കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കെൽ-ഇ.എം.എൽ എന്ന് പുനർനാമകരണം ചെയ്ത് പ്രവർത്തനം പുനഃരാരംഭിച്ച് പ്രവർത്തന പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ദേശസാൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ഏറ്റെടുത്ത തുണിമില്ലുകളിൽ എത്ര തുണിമില്ലുകൾ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ; | (ബി) | വിജയമോഹിനി മിൽസ് ലിമിറ്റഡ്, തിരുവനന്തപുരം, അളഗപ്പ ടെക്സ്റ്റൈൽസ് ലിമിറ്റഡ്, തൃശ്ശൂർ, കേരള ലക്ഷ്മി മിൽസ് ലിമിറ്റഡ്, തൃശ്ശൂർ, കാനന്നൂർ സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കണ്ണൂർ എന്നിങ്ങനെ കേരളത്തിലുള്ള 4 എൻ.ടി.സി മില്ലുകളും പ്രവർത്തിക്കുന്നില്ല. കോവിഡ് ലോക്ക്ഡൗണിനെ തുടർന്ന് ഈ മില്ലുകൾ അടച്ചിടേണ്ടി വന്നു. തുടർന്ന് 2021 മുതൽ പ്രവർത്തനം പുനരാരംഭിച്ചുവെങ്കിലും മൂലധനശോഷണവും അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും കാരണമാണ് മില്ലുകൾ പ്രവർത്തിക്കാത്തത്. |
| (സി) | നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഈ മില്ലുകൾ അടച്ചു പൂട്ടുന്നതിലേക്ക് നയിച്ച കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | വിജയമോഹിനി മിൽസ് ലിമിറ്റഡ്, തിരുവനന്തപുരം, അളഗപ്പ ടെക്സ്റ്റൈൽസ് ലിമിറ്റഡ്, തൃശ്ശൂർ, കേരള ലക്ഷ്മി മിൽസ് ലിമിറ്റഡ്, തൃശ്ശൂർ, കാനന്നൂർ സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കണ്ണൂർ എന്നിങ്ങനെ കേരളത്തിലുള്ള 4 എൻ.ടി.സി മില്ലുകളും പ്രവർത്തിക്കുന്നില്ല. കോവിഡ് ലോക്ക്ഡൗണിനെ തുടർന്ന് ഈ മില്ലുകൾ അടച്ചിടേണ്ടി വന്നു. തുടർന്ന് 2021 മുതൽ പ്രവർത്തനം പുനരാരംഭിച്ചുവെങ്കിലും മൂലധനശോഷണവും അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും കാരണമാണ് മില്ലുകൾ പ്രവർത്തിക്കാത്തത്. |
| (ഡി) | കേന്ദ്രനയങ്ങൾ കാരണം ടെക്സ്റ്റൈൽ മേഖല പ്രതിസന്ധി നേരിടുമ്പോഴും സംസ്ഥാന സർക്കാറിന്റെ ഉടമസ്ഥതയിലുള്ള തുണിമില്ലുകളുടെ പ്രവർത്തനം സുഗമമായി നടത്തുവാൻ കഴിയുന്നുണ്ടോ; വിശദീകരിക്കാമോ? | (ഡി) | ടെക്സ്റ്റൈൽ മേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പൊതു - സഹകരണ മേഖലകളിലുള്ള സ്പിന്നിംഗ് മില്ലുകൾക്ക് വിളവെടുപ്പ് സമയത്ത് വിലക്കുറവിൽ ഗുണമേന്മയുള്ള പഞ്ഞി വാങ്ങിക്കുന്നതിനും പഞ്ഞിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി കോട്ടൺ ബോർഡ് രൂപീകരിച്ചു. കോട്ടൺ ബോർഡിന് പഞ്ഞി വാങ്ങിക്കുന്നതിനുള്ള പ്രവർത്തനമൂലധനത്തിനായി NCDC യിൽ നിന്ന് 70 കോടി രൂപ സർക്കാർ ലഭ്യമാക്കുകയും കൂടാതെ 2024-25 സാമ്പത്തിക വർഷം 5 കോടി രൂപ ബഡ്ജറ്റിൽ നിന്നും നൽകുകയും ചെയ്തിരുന്നു. 2025-26 സാമ്പത്തിക വർഷം 5 കോടി രൂപ കോട്ടൺ ബോർഡിന് വകയിരുത്തുകയും ചെയ്തിട്ടുണ്ട്.<br><br>കോട്ടൺ ബോർഡ് മുഖേന പഞ്ഞി വാങ്ങുന്നതിനായി പല തവണ ടെൻഡർ വിളിച്ചെങ്കിലും, കുറഞ്ഞ |

| | | | |
|---|---|---|---|
| | | | വിലയിൽ പഞ്ഞി ലഭ്യമാകാത്തത് കാരണം ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചില്ലെങ്കിലും മില്ലുകളുടെ പ്രവർത്തനം തടസപ്പെടാതിരിക്കുവാൻ Cotton Corporation of India Ltd-ൽ നിന്നും ഗുണമേന്മയുള്ള പഞ്ഞി വാങ്ങി മില്ലുകൾക്ക് നൽകി വരുന്നു. ഈ പരുത്തി ഉപയോഗിച്ച് ഗുണ നിലവാരമുള്ള നൂൽ ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നതിനാൽ മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെട്ട് വരുന്നു. കൂടാതെ അസംസ്കൃത വസ്തുവിന്റെ ലഭ്യത കുറവ് മൂലം മില്ലുകൾ പ്രവർത്തന രഹിതമാവുന്നത് പൂർണ്ണമായും ഒഴിവാക്കാൻ സാധിച്ചു. ഈ പരുത്തി ഉപയോഗിച്ച് ഗുണനിലവാരമുള്ള നൂൽ ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നതിനാൽ നൂലിന് മെച്ചപ്പെട്ട വില ലഭിക്കുകയും മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ നിലവിൽ പല സ്പിന്നിംഗ് മില്ലുകളുടെയും അസംസ്കൃത വസ്തുവായ പോളിസ്റ്റർ ഫൈബർ കൂടി കോട്ടൺ ബോർഡ് മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടൺ ബോർഡ് മുഖേന സ്വീകരിച്ച നടപടികളിലൂടെ ടെക്സ്റ്റൈൽ മില്ലുകൾ നേരിട്ട പ്രതിസന്ധികൾക്ക് പരിഹാരം ഉണ്ടാകുകയും പ്രവർത്തനം മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ സ്പിന്നിംഗ് മില്ലുകൾ എല്ലാം തന്നെ ഇപ്പോൾ പോളിസ്റ്റർ കോട്ടൺ നൂൽ ഉൽപ്പാദിപ്പിക്കുന്നതിനാൽ, പ്രധാന അസംസ്കൃത വസ്തുവായ പോളിസ്റ്റർ കൂടി കോട്ടൺ ബോർഡ് വഴി വാങ്ങി നൽകി വരുന്നു.<br><br>സ്പിന്നിംഗ് മില്ലുകളുടെ ഉത്പന്നമായ നൂലിന് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നത് ഉറപ്പ് വരുത്തുവാൻ ഒരു 'ഓൺലൈൻ സെയിൽസ് പ്ലാറ്റ്ഫോം' BPT യുടെ ആഭിമുഖ്യത്തിൽ CDIT മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള ട്രയൽ റൺ നടന്നു വരുന്നു.<br><br>വൈദ്യുതി കുടിശ്ശിക ഇനത്തിൽ ടെക്സ്റ്റൈൽ മില്ലുകളിൽ നിന്ന് മാത്രമായി കെ.എസ്.ഇ.ബിക്ക് നൽകാനുണ്ടായിരുന്ന വലിയ കുടിശ്ശിക രണ്ട് ഘട്ടമായി ഒഴിവാക്കിയിട്ടുണ്ട്. ഇതുവഴി ഏകദേശം 136.23 കോടി രൂപയുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തു. ഇതോടൊപ്പം തന്നെ മില്ലുകളുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക അടയ്ക്കുന്നതിന് ചരിത്രത്തിലാദ്യമായി സർക്കാർ കഴിഞ്ഞ രണ്ടു വർഷമായി 21 കോടിയോളം രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ